പത്രക്കുറിപ്പ്

# ആറ്റുകാൽ പൊങ്കാല ഉത്സവം:
# വിപുലമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തി

കോവിഡ്-19

## വിലക്ക് ലംഘനം: 63 പേർക്കെതിരെ നിയമനടപടി
## 15500/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- ഈ വർഷത്തെ ആറ്റുകാൽ പൊങ്കാല മഹോത്സവത്തിന് പോലീസ് വിപുലമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. പൂർണ്ണമായും കോവിഡ് പ്രോട്ടോക്കോൾ പാലിച്ചു കൊണ്ട് നടത്തുന്ന ഇത്തവണത്തെ പൊങ്കാല ഉത്സവത്തിന് സുരക്ഷ ഒരുക്കുന്നതിനായി രണ്ട് ഘട്ടങ്ങളിലായി 1500 പോലീസ് ഉദ്യോഗസ്ഥരെ നിയോഗിക്കും. ഇതിൽ ഉത്സവം ആരംഭിക്കുന്ന 19 മുതലുള്ള ആദ്യഘട്ടത്തിൽ 500 പോലീസുകാരേയും 26 മുതലുള്ള രണ്ടാം ഘട്ടത്തിൽ അധികമായി 1000 പോലീസുകാരേയുമാണ് സുരക്ഷയ്ക്കായി വിന്യസിക്കുന്നത്. നാല് അസ്സിസ്റ്റന്റ് കമ്മീഷണർമാർ മേൽനോട്ടം വഹിക്കുന്ന സുരക്ഷാ സംവിധാനത്തിൽ 22 ഇൻസ്പെക്ടർമാരും ചുമതല വഹിക്കും. ഡെപ്യൂട്ടി പോലീസ് കമ്മീഷണർ ഡോ.വൈഭവ് സക്സേനയ്ക്കാണ് ഇത്തവണത്തെ സുരക്ഷാ ക്രമീകരണങ്ങളുടെ പൂർണ്ണ ചുമതല.

ക്ഷേത്രദർശനത്തിന് എത്തുന്ന ഭക്തജനങ്ങൾക്ക് കൃത്യമായ സാമൂഹിക അകലവും മറ്റ്

കോവിഡ് മാനദണ്ഡങ്ങളും പാലിച്ചും മാത്രമേ ക്ഷേത്രത്തിന് ഉള്ളിലേയ്ക്ക് പ്രവേശനം അനുവദിക്കുകയുള്ളൂ. ഇത്തവണ ഉത്സവത്തോട് അനുബന്ധിച്ചുള്ള വിളക്കുകെട്ട് ഘോഷയാത്രകൾ നഗരത്തിൽ അനുവദിക്കുന്നതല്ല. വിളക്കുകെട്ടുകൾ വാഹനത്തിൽ കൊണ്ട് വന്ന് ക്ഷേത്രത്തിന് സമീപം എത്തിച്ച് വാഹനത്തിൽ നിന്ന് ഇറക്കി ക്ഷേത്രത്തിൽ പ്രവേശിക്കേണ്ടതാണ്.

കൂടാതെ, കോവിഡ് പശ്ചാത്തലത്തിൽ ജംഗ്ഷനുകൾ കേന്ദ്രീകരിച്ചുള്ള മൈക്ക് സെറ്റ് പ്രവർത്തിപ്പിക്കുന്നതിനോ, പാതയോരങ്ങളിൽ ഭക്ഷണ-പാനീയ വിതരണം നടത്തുന്നതിനോ അനുവദിക്കുന്നതല്ല. ഉത്സവത്തോട് അനുബന്ധിച്ച് പ്രധാനപ്പെട്ട സ്ഥലങ്ങളിൽ പോലീസ് നിരീക്ഷണ ക്യാമറകളും, ഡ്രോൺ ഫ്ലൈയിംഗ് ക്യാമറ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ക്ഷേത്രത്തിൽ ദർശനത്തിന് വരുന്നവരുടെ വാഹനങ്ങൾ പാടശ്ശേരി ഭാഗത്ത് ക്രമീകരിച്ചിട്ടുള്ള പാർക്കിംഗ് ഏരിയായിൽ മാത്രമേ പാർക്ക് ചെയ്യാൻ പാടുള്ളൂ.

ക്ഷേത്രത്തിലെ പണ്ടാര അടുപ്പിൽ മാത്രമായി തീരുമാനിച്ചിരിക്കുന്ന ഇത്തവണത്തെ പൊങ്കാലയ്ക്ക് ക്ഷേത്ര ട്രസ്റ്റിന്റേയും പോലീസിന്റേയും മുൻകൂർ അനുമതി ഉള്ളവരെ മാത്രമേ പൊങ്കാല സമയത്തുള്ള ചടങ്ങുകളിൽ പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളൂ. പോലീസ് ഏർപ്പെടുത്തിയിരിക്കുന്ന സുരക്ഷാക്രമീകരണങ്ങളോട് പൊതുജനങ്ങൾ സഹകരിക്കണമെന്നും കോവിഡ് സുരക്ഷാ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കണമെന്നും, കോവിഡ് മാനദണ്ഡങ്ങൾ പാലിക്കാതെ വിലക്ക് ലംഘനങ്ങൾ

നടത്തുന്നവർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓഡിനൻസ് പ്രകാരം നിയമനടപടി സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ അറിയിച്ചു.

## കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (18-02-2021) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 63 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 28 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 31 പേരിൽ നിന്നും 15,500/- രൂപ പിഴ ഈടാക്കി. കൂടാതെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 4 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി
18-02-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി